പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4715 29.06.2012- ൽ മറുപടിയ്ക്ക്

## വട്ടംകുളം വെറ്ററിനറി ഡിസ്പൻസറി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ.ടി. ജലീൽ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). | |
| (എ) | തവനൂർ മണ്ഡലത്തിൽപ്പെട്ട വട്ടംകുളം പഞ്ചായത്തിൽ ആളുകൾ അധികവും മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മൃഗസംരക്ഷണ പദ്ധതി നടപ്പിലാക്കുന്നതിനായി മാത്രം വട്ടംകുളം പഞ്ചായത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കി അതിന്റെ ഗുണം ലഭ്യമായി തുടങ്ങിയത് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | വിലയിരുത്തിയിട്ടുണ്ട്. |
| (സി) | വട്ടംകുളം വെറ്ററിനറി ഡിസ്പൻസറിയിൽ ഒരു മാസം 900 മുതൽ 1000 വരെ ചികിത്സകളും 100 മുതൽ 120 വരെ കൃത്രിമ ബീജദാനവും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് വട്ടംകുളം വെറ്ററിനറി ഡിസ്പെൻസറിയെ വെറ്ററിനറി ഹോസ്പിറ്റലായി ഉയർത്തുന്നതിനും വെറ്ററിനറി സർജനു പകരം സീനിയർ വെറ്ററിനറി സർജനെ നിയമിക്കുന്നതിനും വേണ്ട നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | വട്ടംകുളം വെറ്ററിനറി ഡിസ്പെൻസറിയെ വെറ്ററിനറി ഹോസ്പിറ്റലായി ഉയർത്തുന്നതിനും വെറ്ററിനറി സർജനു പകരം സീനിയർ വെറ്ററിനറി സർജനെ നിയമിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. |
| (ഇ) | ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രൊപ്പോസലുകൾ പരിഗണനയിൽ ഉണ്ടോ; എങ്കിൽ അതിന്മേലുള്ള നടപടി ഏതുവരെയായി എന്നു വിശദമാക്കാമോ ? | (ഇ) | നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ